# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 800 — 30.06.2015-ൽ മറുപടിക്ക്

**ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ. എം. ആരിഫ് | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ആലപ്പുഴയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | ജില്ലാ മെഡിക്കൽ ഓഫീസ് പ്രവർത്തിച്ചിരുന്നതും സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് ചേർന്നു നിൽക്കുന്നതുമായ കെട്ടിടം കേടുപാട് തീർത്ത് നവീകരിച്ച് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടി 2,41,10,000/- (രണ്ട് കോടി നാല്പത്തിഒന്ന് ലക്ഷത്തി പതിനായിരം) രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) മാറ്റി സ്ഥാപിക്കപ്പെട്ട ജില്ലാ ആശുപത്രിയുടെ കെട്ടിടങ്ങളും നിലവിലുണ്ടായിരുന്ന ഡബ്ല്യൂ. ആന്റ് സിയുടെ കെട്ടിടങ്ങളും മറ്റുസൗകര്യങ്ങളും നവീകരിച്ചുകൊണ്ട് ഒരു മാതൃകാ ആശുപത്രിയാക്കി മാറ്റുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവോ ; വ്യക്തമാക്കുമോ ? | (ബി) & (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) പശ്ചാത്തല സൗകര്യവും സാധ്യതയും പരിഗണിച്ചുകൊണ്ട് ആധുനിക സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട ആശുപത്രിയായി ഇതിനെ മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ ? | | |

സെക്ഷൻ ഓഫീസർ